# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 9<br>January 9 | 2019 |
|---|---|

*1193 ധനു 25* ബുധൻ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

.......പിഴവില്ലാത്ത പുതിയ ഡിസൈൻ, പുതിക്കിയ എസ്റ്റിമേറ്റ്, പുത്തൻ കരാർ.......

## തിരുവല്ല ബൈപ്പാസ് നിർമാണ പുനരാരംഭം– ടൗൺ എം.സി റോഡ് പുനരുദ്ധാരണം ഉദ്ഘാടനം 11ന്

നിർമ്മാണം നിലച്ച തിരുവല്ല ബൈപ്പാസിന്റെ പണികൾ പുനരാരംഭിക്കുന്നതിന്റെയും തിരുവല്ല ടൗൺ എം.സി റോഡ് പുനരുദ്ധാരണത്തിന്റെയും ഉദ്ഘാടനം 11ന് വൈകിട്ട് അഞ്ചിന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കുമെന്ന് മാത്യു ടി തോമസ് എംഎൽഎ അറിയിച്ചു. തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം മുൻസിപ്പൽ ഓപ്പൺ എയർ സ്റ്റേജിലാണ് ഉദ്ഘാടന ചടങ്ങ് നടക്കുക. നിർമ്മാണം നിലച്ചു പോയ തിരുവല്ല ബൈപ്പാസിന് പുതുക്കിയ രൂപകല്പനയിൽ തയാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെ ർ വിളിച്ച് പുതിയ കരാറുകാരനുമായി എഗ്രിമെന്റ് വച്ചാണ് പണികൾ പുനരാരംഭിക്കുന്നത്. ഒപ്പം എം സി റോഡിന്റെ വിട്ടുകളഞ്ഞിരുന്ന മഴുവങ്ങാട് – രാമഞ്ചിറ ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തികളും ആരംഭിക്കും.

രൂപകല്പനയിൽ സംഭവിച്ച സാങ്കേതിക പിഴവു മൂലവും ആവശ്യം വേ ഭൂമി ഏറ്റെടുക്കാൻ കഴിയാതെ വന്നതു മൂലവുമാണ് തിരുവല്ല ബൈപ്പാസിന്റെ പണികൾ നിലച്ചത്. രാമഞ്ചിറയിൽ നിർദിഷ്ട ബൈപ്പാസ് ആരംഭിക്കേ യിരുന്നിടത്തു നിന്നും തിരുവല്ല – മല്ലപ്പള്ളി റോഡു വരെയുള്ള ഭാഗത്ത്, ഏറെ ഉയരത്തിൽ മണ്ണിട്ട് ഉയർത്തി പുതിയ റോഡു നിർമിക്കുവാൻ നിർദേശിക്കപ്പെട്ടിരുന്നുവെങ്കിലും ഇത്രയും ഉയരത്തിൽ പുതുതായി നിർമിക്കുവാൻ

Sample output to test PDF Combine only

ലക്ഷ്യമിട്ട റോഡിന് പാർശ്വഭിത്തികൾ വ്യവസ്ഥ ചെയ്തിരുന്നില്ല. പാർശ്വഭിത്തികൾ ചരിവായി പണിയുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനും ലക്ഷ്യമിട്ടിരുന്നില്ല. ഈ സാഹചര്യത്തിലാണ് ചതുപ്പായുള്ള ഭാഗത്ത് മണ്ണിട്ട് ഉയർത്തി റോഡ് നിർമാണം അപ്രായോഗികമാണെന്ന് പിന്നീട് കെ ത്തിയത്.

2014ൽ പണികൾ ആരംഭിക്കുന്ന ഘട്ടത്തിൽ, ആവശ്യമായിരുന്ന ഭൂമിയുടെ ബഹുഭൂരിഭാഗവും കൈവശമെടുത്തിരുന്നില്ല. പിന്നീട് കൈവശം വന്നു ചേർന്ന ഭൂമിയിൽ കുറെ ഭാഗം വസ്തു ഉടമസ്ഥർക്ക് കോടതി നടപടികളിലൂടെ തിരികെ നൽകേ ി വരികയും ചെയ്തു.

സാങ്കേതിക പിഴവുകൾ കാരണം പണികൾ തുടങ്ങുവാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് കരാറുകാരൻ തന്നെ ഒഴിവാക്കണമെന്ന ആവശ്യം ഉന്നയിച്ചത്. പണിയുവാൻ പറ്റാത്ത ബൈപ്പാസ് ആയിരുന്നുവെന്നതിനാൽ കരാറുകാരന്റെ ആവശ്യം അംഗീകരിക്കുക മാത്രമേ നിവർത്തിയു ായിരുന്നുള്ളു. എന്നാൽ, പൊതുപണം ചിലവാക്കിയത് പാഴാകാതിരിക്കുന്നതിന്, പണിതിടത്തോളം നഷ്ടമാകാത്ത തരത്തിൽ പുതിയ ഡിസൈൻ തയാറാക്കുവാനാണ് മന്ത്രി ജി. സുധാകരൻ നിർദേശിച്ചത്. തിരുവല്ല – മല്ലപ്പള്ളി റോഡിന് വടക്കുവശത്തായുള്ള ഭാഗം മണ്ണിട്ട് ഉയർത്തുന്നതിന് പകരം വയാഡക്ട് (ഫ്ളൈ ഓവർ) ആയി ഡിസൈൻ ചെയ്യുവാൻ മണ്ണു പരിശോധന അടക്കം വേ ി വന്നു. ഇതു പൂർത്തീകരിച്ച് കെ എസ് ടി പി യുടെ സ്റ്റീയറിംഗ് കമ്മിറ്റികൾ നിരവധി തവണ ചേർന്ന് എല്ലാ സാങ്കേതിക ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടാണ് ലോകബാങ്കിന്റെ അനുമതിയ്ക്ക് അയച്ചത്. ലോകബാങ്കിന്റെ അനുമതി ലഭ്യമായതിനെ തുടർന്ന് പുതിയ പണികൾക്ക് പുതുതായി ടെ ർ ക്ഷണിച്ചു. ആ ടെ റിനും ലോകബാങ്കിന്റെ അനുമതി ലഭ്യമാക്കിയാണ് കരാർ ഉറപ്പിച്ചത്. കരാർ തുകയുടെ 10 ശതമാനം കരാറുകാരൻ കെ എസ് ടി പിയിൽ 2018 ഡിസംബറിൽ തന്നെ കെട്ടിവെച്ചതോടെ ബൈപ്പാസ് പണികൾക്ക് പച്ചക്കൊടിയായി. 37 കോടി രൂപയാണ് നിർമാണ ചെലവ്. പണികൾ ഈ മാസം തന്നെ ആരംഭിക്കും ഒൻപതു മാസം കൊ ് പൂർത്തീകരിക്കണമെന്നാണ് നിബന്ധന.

ബൈപ്പാസ് നിർദേശിക്കപ്പെട്ടിരുന്നതിനാൽ മഴുവങ്ങാട് മുതൽ രാമഞ്ചിറ വരെയുള്ള ഭാഗം എം സി റോഡിന്റെ ചെങ്ങന്നൂർ – ഏറ്റുമാനൂർ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പലതവണ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുകൂലതീരുമാനമു ായില്ല. ഇതിന്റെ ഫലമായി എം സി റോഡ് പുനരുദ്ധരിച്ചപ്പോഴും, തിരുവല്ല ടൗൺ ഭാഗം പഴയ നിലയിൽ തുടർന്നു. ഈ പോരായ്മയും പരിഹരിച്ച് കെ എസി ടി പി അതിനും ലോകബാങ്കിന്റെ അംഗീകാരം ലഭ്യമാക്കി. കെ എസ് ടി പി സ്റ്റീയറിംഗ് കമ്മിറ്റി അനുമതി ലഭ്യമാക്കുകയും ടെ ർ വിളിച്ച് കരാർ ഉറപ്പിക്കുകയും ചെയ്തിരിക്കുകയാണ്. എട്ടു കോടി രൂപയാണ് ഇതിന് വേ ചെലവ്. പണികൾ തീർന്നാലുടൻ തന്നെ ജലവിതരണ പൈപ്പുകൾ മാറ്റുന്നതിന് റോഡുകൾ കുഴിക്കേ ി വരുന്ന സ്ഥിതി ഉ ാകാതിരിക്കുന്നതിന്, ഈ ഭാഗത്തെ വാട്ടർ പൈപ്പുകൾ ഇതോടൊപ്പം മാറ്റി സ്ഥാപിക്കും. ബൈപ്പാസും എം സിറോഡും പൂർത്തിയാകുന്നതോടെ തിരുവല്ലായിലെ ഗതാഗതകുരുക്കിന് പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

അനുബന്ധ റോഡുകളും വളരെ പ്രധാനപ്പെട്ടതാണ്. അന്താരാഷ്ട്ര നിലവാരത്തിൽ ബി എം ബി സി ടാറിംഗ് നടത്തുവാൻ പ്രധാനപ്പെട്ട റോഡുകൾ ഏറ്റെടുത്തിട്ടു ്. ഇവയുടെ ഇപ്പോഴത്തെ നില ഇപ്രകാരമാണ്: 1. മുത്തൂർ – കാവുംഭാഗം റോഡ് – 3.5 കോടി– പണികൾ നടക്കുന്നു. 2. കാവുംഭാഗം – ഇടിഞ്ഞില്ലം റോഡ് – 17 കോടി – ടെ ർ വിളിച്ചു. 3. കുറ്റൂർ– മനക്കച്ചിറ– നാട്ടുകടവ്– കിഴക്കൻ മുത്തൂർ – ചുമത്ര– മുത്തൂർ റോഡ് : 26 കോടി – കരാർ ഉറപ്പിച്ചു. 4. തോട്ടഭാഗം – കവിയൂർ – ചങ്ങനാശേരി റോഡ് : 36 കോടി – കരാർ ഉറപ്പിച്ചു. 5. ബഥേൽപടി– ചുമത്ര റോഡ് – ര ു കോടി– നടപടികൾ നടക്കുന്നു. 6. കുറ്റപ്പുഴ – മുത്തൂർ റോഡ് – ര ു കോടി – പണികൾ നടക്കുന്നു. 7. തിരുവല്ല– മാവേലി

Sample output to test PDF Combine only

ക്കര റോഡ് പുനരുദ്ധാരണത്തിന് എട്ടു കോടി രൂപ - പണി ആരംഭിച്ചു.

ഇതു കൂടാതെ, തിരുവല്ല - അമ്പലപ്പുഴ റോഡു പുനരുദ്ധാരണം പൂർത്തിയായി - 68 കോടി രൂപ. തിരുവല്ല - മല്ലപ്പള്ളി - ചേലക്കൊമ്പ് റോഡ് പുനരുദ്ധാരണത്തിന് 83 കോടി രൂപയുടെ ഭരണാനുമതി (താൽക്കാലിക റീടാറിംഗ് പൂർത്തിയായി). പ്രധാന പണികൾക്ക് വേ സ്ഥലമെടുപ്പിന്റെ നടപടികൾ നടന്നുവരുന്നു. നിരണം പഞ്ചായത്തുമുക്ക് - തോട്ടടി റോഡ് - 2.75 കോടി രൂപ- പണികൾ തുടങ്ങി. നെടുങ്ങാടപ്പള്ളി - മുക്കൂർ - ചെങ്ങരൂർ ചിറ, കുന്നന്താനം - പുളിന്താനം, കുന്നന്താനം - മാന്താനം, കുന്നന്താനം - കണിയാം പാറ, ഞാലിക്ക ം- കല്ലൂപ്പാറ- മടുക്കോലി എന്നീ റോഡുകൾക്ക് 22 കോടി രൂപ. ഇരവി പേരൂർ - വെണ്ണിക്കുളം -നാലു കോടി- പൂർത്തീകരിച്ചു. മല്ലപ്പള്ളി - പുല്ലാട് റോഡ് - സി ആർ എഫിൽ 14 കോടി. കുമ്പനാട്- പുറമറ്റം - പുതുശേരി റോഡ്- ഏഴു കോടി- ഭരണാനുമതി ലഭിച്ചു. ഈ പ്രധാന റോഡുകളും ബിഎം ബിസി ടാറിംഗിനായി ഏറ്റെടുത്തു. ബൈപ്പാസും, എം സി റോഡും, അനുബന്ധറോഡുകളും ഗുണനിലവാരത്തിൽ പൂർത്തിയായി കഴിഞ്ഞാൽ പിന്നെയും ഗതാഗതകുരുക്ക് തുടരാതിരിക്കുന്നതിന് ഏവരുടേയും സഹകരണത്തോടെ വൺവേ അടക്കം ഉള്ള ട്രാഫിക്ക് പരിഷ്കാരങ്ങൾ നടപ്പാക്കുമെന്നും എംഎൽഎ അറിയിച്ചു. (പിഎൻപി 74/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സര്‍ക്കാര്‍

## ഇന്‍ഫര്‍മേഷന്‍ & പബ്ലിക് റിലേഷന്‍സ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 9<br>January 9 | 2019 |
|---|---|

*1193 ധനു 25* ബുധന്‍

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോണ്‍0468-2222657**

---

**തിരുവാഭരണ ഘോഷയാത്ര ക്രമീകരണങ്ങള്‍ വിലയിരുത്തി**

തിരുവാഭരണ ഘോഷയാത്രയ്ക്ക് മുന്നോടിയായി വിവിധ സര്‍ക്കാര്‍ വകുപ്പുകള്‍ ഏര്‍പ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങള്‍ അടൂര്‍ എംഎല്‍എ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയില്‍ പന്തളം ദേവസ്വം ഹാളില്‍ ചേര്‍ന്ന യോഗം വിലയിരുത്തി. തിരുവാഭരണ ഘോഷയാത്ര പന്തളം ശ്രീ വലിയകോയിക്കല്‍ ക്ഷേത്രത്തില്‍ നിന്നും ഈ മാസം 12ന് ഉച്ചയ്ക്ക് ഒരു മണിയ്ക്ക് പുറപ്പെടും. തിരുവാഭരണ ഘോഷയാത്രയുടെ സുഗമമായ നടത്തിപ്പിനായി സര്‍ക്കാര്‍ സംവിധാനങ്ങള്‍ പൂര്‍ണസജ്ജമാണെന്ന് എംഎല്‍എ വിലയിരുത്തി.

പന്തളത്ത് ക്രമസമാധാന പാലനത്തിനായി കഴിഞ്ഞവര്‍ഷത്തേക്കാള്‍ കൂടുതല്‍ പോലീസ് സേനയെ ഇന്ന് മുതല്‍ വിന്യസിക്കും. കൂടാതെ തിരുവാഭരണ ഘോഷയാത്രയ്ക്ക് സംരക്ഷണമൊരുക്കുന്നതിനായി പോലീസ്, അഗ്നിശമന സേനാവിഭാഗം, മെഡിക്കല്‍, റവന്യൂ വിഭാഗം എന്നിവരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതായി അടൂര്‍ ആര്‍ഡിഒ എം.എ റഹീം അറിയിച്ചു. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലുള്ള എല്ലാ ക്രമീകരണങ്ങളും പൂര്‍ത്തിയായതായും അദ്ദേഹം അറിയിച്ചു.

ഘോഷയാത്രയ്ക്ക് അകമ്പടി പോകുന്ന സംഘത്തിന് അടിസ്ഥാന സൗകര്യങ്ങള്‍ ലഭ്യമാക്കുമെന്ന് എംഎല്‍എ പറഞ്ഞു. ഇതിന്റെ ഭാഗമായി ളാഹ, അയിരൂര്‍ എന്നിവിടങ്ങളില്‍ താല്‍ക്കാലിക ടോയ്‌ലറ്റുകള്‍ അടിയന്തിരമായി സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതര്‍ക്ക് നിര്‍ദേശം നല്‍കി. പന്തളം തൂക്കുപാലത്തില്‍

Sample output to test PDF Combine only

ആളുകൾ കയറിനിൽക്കുന്നത് നിയന്ത്രിക്കുമെന്നും എംഎൽഎ പറഞ്ഞു.

പന്തളം കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ ജീവനക്കാരെയും നിയോഗിക്കുമെന്ന് ഡെപ്യൂട്ടി ഡിഎംഒ ഡോ സി.എസ് നന്ദിനി അറിയിച്ചു. തീർഥാടന പാതകളിൽ ആവശ്യമായ വഴിവിളക്കുകൾ സജ്ജമായിട്ടു െ ന്ന് കെഎസ്ഇബി അറിയിച്ചു. ഘോഷയാത്ര കടന്നുപോകുന്ന പാതകളിൽ കുടിവെള്ളം വാട്ടർ അതോറിറ്റിയും പഞ്ചായത്തും ലഭ്യമാക്കും. അഗ്നിശമനവിഭാഗം എല്ലാവിധ മുൻകരുതലുകളുമായി സജ്ജമാണ്. കൂടാതെ ഇവർ പന്തളത്തും, അനുബന്ധ പാതകളിലും പൊടി ശമിപ്പിക്കുന്നതിനായി വെള്ളം തളിക്കും. പ്രദേശത്ത് എക്സൈസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.

സർക്കാർ വകുപ്പുകളുടെ ക്രമീകരണങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നതിന് അടൂർ അർഡിഒയെ എംഎൽഎ ചുമതലപ്പെടുത്തി. പന്തളം മുനിസിപ്പൽ ചെയർപേഴ്സൺ ടി.കെ സതി, കൗൺസിലർ കെ.വി പ്രഭ, നഗരസഭ സെക്രട്ടറി എസ്. സനിൽ, പന്തളം കൊട്ടാരം നിർവാഹക സമിതി പ്രസിഡന്റ് പി.എൻ നാരായണവർമ്മ, സെക്രട്ടറി ശശികുമാരവർമ്മ, വലിയകോയിക്കൽ ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് ജി. പ്രഥ്വിപാൽ, സെക്രട്ടറി ശരത്കുമാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 75/18)

## ആരോഗ്യ വകുപ്പ് മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പരിശീലനവും അവാർഡ്ദാനവും ഇന്ന്(10)

ജില്ലാ മെഡിക്കൽ ഓഫീസിന്റെ(ആരോഗ്യം) ആഭിമുഖ്യത്തിൽ ആരോഗ്യവകുപ്പ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കുള്ള പരിശീലന പരിപാടിയും കാര്യക്ഷമതാ അവാർഡ് ദാനവും ഇന്ന്(10) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും. രാവിലെ 9.30 മുതൽ 11 വരെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രതിമാസ അവലോകന യോഗം നടക്കും. രാവിലെ 11ന് പരിശീലന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് 3.30ന് മികച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കുള്ള അവാർഡ് ദാനം വീണാ ജോർജ് എംഎൽഎ നിർവഹിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ.എൽ. ഷീജ, ഡോ. ഷാഹിർഷ, അഡ്വ. ബി. രവീന്ദ്രൻ നായർ,എസ്. ഉദയകുമാർ, ജോൺ മാത്യു, സി.എം. അജയ്യമോഹൻ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 76/18)

## ഫോട്ടോ അടിക്കുറിപ്പ്

1) തിരുവാഭരണ ഘോഷയാത്രയ്ക്ക് മുന്നോടിയായി വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് അടൂർ എംഎൽഎ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിൽ പന്തളം ദേവസ്വം ഹാളിൽ ചേർന്ന യോഗം.






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only